**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1215** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>മുൻ സർക്കാരിന്റെ കാലത്ത് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. ടി. സിദ്ദീഖ്
(കൃഷി വകുപ്പ് മന്ത്രി)

**(എ)** മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ സംസ്ഥാനത്തെ കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള കുടിശ്ശികകളാണ് നല്കാനുണ്ടായിരുന്നത് ; ഓരോ ഇനത്തിലുമുള്ള കുടിശ്ശികയുടെ വിവരം ലഭ്യമാക്കുമോ;

**<u>മറുപടി:</u> മുൻ സർക്കാരിന്റെ കാലാവധി അവസാനിച്ചപ്പോൾ സംസ്ഥാനത്തെ കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകുവാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ അനുബന്ധം - I ആയി ചേർക്കുന്നു. കൂടാതെ സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, കേരള മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH) പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ഘടകങ്ങളിലായി കർഷകർക്ക് 463.81476 ലക്ഷം രൂപ കുടിശ്ശിക നൽകാനുണ്ട്. ഹോർട്ടികോർപ്പിൽ നിന്നും പച്ചക്കറി സംഭരിച്ച വകയിൽ കർഷകർക്ക് 2,96,47,949/- രൂപ നൽകുവാനുണ്ട്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം കേരള മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികളിൽ കാർഷിക സംരംഭകർക്കും, FPOകൾക്കും സൂക്ഷ്മ, ചെറുകിട, ഇടത്തരം മൂല്യവർദ്ധിത പ്രോത്സാഹന പദ്ധതി (MSME Scheme) പ്രകാരം 81.97346 ലക്ഷം രൂപയും Revamping of Existing FPOs പ്രകാരം 15.382 ലക്ഷം രൂപയും കുടിശ്ശിക നൽകാനുണ്ട്. കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ 31.05.2026 വരെ വിചാരണ നടത്തി ശിപാർശ ചെയ്ത അവാർഡ് തുകയിൽ 326.743 കോടി രൂപ സഹകരണ ബാങ്കുകൾക്ക് കുടിശ്ശിക നൽകാനുണ്ട്.**

**(ബി)** മുൻ സർക്കാരിന്റെ കാലാവധി അവസാനിക്കുമ്പോൾ വിവിധ കാർഷിക വിളകൾക്ക് പ്രഖ്യാപിച്ചിട്ടുള്ള താങ്ങുവില ഓരോന്നും എത്ര വീതമാണ്; വിശദാംശം തരംതിരിച്ച് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സംസ്ഥാനത്ത് കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന താങ്ങുവില (MSP) പദ്ധതി പ്രകാരം സംഭരിക്കുന്ന പ്രധാന വിളകൾ നെല്ല്, കൊപ്ര എന്നിവയാണ്.

കർഷകരിൽ നിന്നുള്ള നെല്ല് സംഭരിക്കുന്നതിന് 2025 നവംബർ 1 മുതൽ കിലോഗ്രാമിന് ₹30.00 എന്ന സംഭരണവില നിശ്ചയിച്ചിട്ടുണ്ട്. ഇതിൽ കേന്ദ്ര സർക്കാരിന്റെ ₹23.69 മിനിമം താങ്ങുവിലയും സംസ്ഥാന സർക്കാരിന്റെ ₹6.31 സംസ്ഥാന ഇൻസെന്റീവ് ബോണസ്സും ഉൾപ്പെടുന്നു.

സംസ്ഥാനത്ത് കൊപ്ര സംഭരണത്തിനായി കർഷകരിൽ നിന്ന് പച്ചത്തേങ്ങ സംഭരിക്കുന്നതിന് നിലവിൽ കിലോഗ്രാമിന് ₹34.00 എന്ന നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്.

റബ്ബർ ഉല്പാദക പ്രോത്സാഹന പദ്ധതി (Rubber Production Incentive Scheme (RPIS)) പ്രകാരം റബ്ബറിന്റെ ഉല്പാദക പ്രോത്സാഹന നിരക്ക് 2025 നവംബർ 1 മുതൽ കിലോഗ്രാമിന് ₹200 ആയി വർദ്ധിപ്പിച്ചിട്ടുണ്ടായിരുന്നു.

ഇതുകൂടാതെ, കേരള ഫാം ഫ്രഷ് പഴം-പച്ചക്കറി അടിസ്ഥാന വില പദ്ധതിയുടെ ഭാഗമായി 16 ഇനം പഴം പച്ചക്കറി വിളകൾക്ക് അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നു. ഓരോ വിളയുടെയും അടിസ്ഥാന വില അനുബന്ധം - II ആയി ചേർക്കുന്നു.

**(സി)** ഈ സർക്കാരിൽ നിന്നും കർഷകർക്ക് എന്തെല്ലാം തരത്തിലുള്ള ആശ്വാസ നടപടികളാണ് പ്രതീക്ഷിക്കാവുന്നത്, വ്യക്തമാക്കുമോ;

**മറുപടി:** 2026-27 സാമ്പത്തിക വർഷത്തിൽ സ്ത്രീ കർഷകരുടെ ശാക്തീകരണത്തിലും വികസനത്തിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും, കാർഷിക മേഖലയിൽ ആധുനികവും ഉയർന്നുവരുന്നതുമായ സാങ്കേതികവിദ്യകൾ സ്വീകരിക്കുന്നതിനും, സുസ്ഥിര കാർഷിക വികസനം, വരുമാന വർദ്ധനവ്, കാർഷിക സംരംഭകത്വം എന്നിവ ശക്തിപ്പെടുത്തുന്നതിനായി ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനും, യുവതലമുറയിൽ കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

വനിതാകർഷകരെ ശാക്തീകരിക്കുന്നതിനും കാർഷിക മേഖലയിൽ അവരുടെ സജീവ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും വേണ്ടി 'കൃഷി സഖി' എന്ന പുതിയ പദ്ധതി ഈ സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഉല്പാദനം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണം എന്നിവ ഉൾപ്പെടുന്ന മുഴുവൻ കാർഷിക മൂല്യ ശൃംഖലയെയും ഉൾക്കൊള്ളുന്ന രീതിയിൽ, കാർഷിക മേഖലയിലെ സ്ത്രീകളെ ശാക്തീകരിക്കുന്നതിനായി പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നു.

നിർമ്മിത ബുദ്ധി (AI), ഡ്രോണുകൾ, IoT ഉപകരണങ്ങൾ, സെൻസറുകൾ, സ്മാർട്ട് ഇറിഗേഷൻ, പ്രിസിഷൻ ഫാമിംഗ് തുടങ്ങിയ നവീന സാങ്കേതികവിദ്യകളുടെ പ്രദർശനവും സ്വീകരണവും വഴി ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, വിഭവങ്ങളുടെ കാര്യക്ഷമ ഉപയോഗം ഉറപ്പാക്കുക, കീട രോഗ നിയന്ത്രണം ശക്തിപ്പെടുത്തുക, ചെലവ് കുറയ്ക്കുക, കാലാവസ്ഥാ പ്രതിരോധശേഷി മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ട് ഈ സാമ്പത്തിക വർഷത്തിൽ 'സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള കൃഷി' എന്ന പുതിയ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

കാർഷിക വരുമാനം വർദ്ധിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കേരളത്തിന്റെ കാർഷിക പൈതൃകം പ്രദർശിപ്പിക്കുക എന്നിവ ലക്ഷ്യമിട്ട 'ഫാം ടൂറിസം' പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

വിദ്യാർത്ഥികളിൽ കൃഷി അവബോധം വളർത്തുക, പോസിറ്റീവ് മനോഭാവം വളർത്തുക, സ്കൂൾ പൂന്തോട്ട പരിപാലനത്തിലൂടെ ക്ഷേമം മെച്ചപ്പെടുത്തുക എന്നിവ ലക്ഷ്യമിട്ട് 'വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹനം' എന്ന പുതിയ ഘടകം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

2026-27 ബഡ്ജറ്റിലെ പുതിയ പദ്ധതികളും നടപടികളും കർഷകരുടെ ക്ഷേമം, കാർഷിക മേഖലയിലെ സുസ്ഥിരത, കാലാവസ്ഥാ പ്രതിരോധ ശേഷി, വിപണി സൗകര്യങ്ങൾ എന്നിവ ഉറപ്പാക്കുന്നവയാണ്. റബ്ബർ വിലയിടിവിൽ നിന്ന് കർഷകരെ സഹായിക്കുന്നതിനായി അവതരിപ്പിച്ച "റബ്ബർ ഉല്പാദന പ്രോത്സാഹന പദ്ധതി (RPIS)" പ്രകാരമുള്ള റബ്ബറിന്റെ നിലവിലുള്ള താങ്ങുവില 200 രൂപയിൽ നിന്ന് 250 രൂപയായി ഉയർത്തി.

കേരളത്തിലെ പഴം കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കയറ്റുമതി ഗുണമേന്മയുള്ള പഴങ്ങളുടെയും പൂക്കളുടെയും ഉല്പാദകർക്ക് പ്രോത്സാഹനങ്ങൾ നൽകും. നെല്ല് സംഭരണത്തിന്റെ

കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും കർഷകർക്ക് സംഭരണ വില യഥാസമയം നൽകുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ചുവടെ ചേർക്കുന്ന പ്രവർത്തികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അമൂല്യങ്ങളായ പ്രകൃതിവിഭവങ്ങളുടെ സംരക്ഷണത്തിനും അതുവഴി കാർഷികോല്പാദന വർദ്ധനവിനും ഉതകുന്ന നീർത്തടാടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്കും, മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനും ഭൂവിഭവസമാഹരണത്തിനും ഊന്നൽ നൽകി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന 13 പദ്ധതി ശീർഷകങ്ങളിലെ പ്രവർത്തനങ്ങൾ വകുപ്പ് തുടരുന്നതാണ്. കൂടാതെ കാലാവസ്ഥാ വ്യതിയാനത്തെ പ്രതിരോധിക്കുന്ന പരിസ്ഥിതി സൗഹൃദപരമായ സുസ്ഥിര കൃഷി രീതികൾ പ്രോത്സാഹിപ്പിച്ച് മണ്ണിന്റെ ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും, അന്തരീക്ഷത്തിലെ കാർബൺ മണ്ണിൽ സംഭരിക്കുന്ന പ്രക്രിയ വർദ്ധിപ്പിക്കുകയും ഹരിതഗൃഹ വാതകങ്ങളുടെ പുറന്തള്ളൽ കുറയ്ക്കുകയും വഴി ലഭ്യമാകുന്ന കാർബൺ ക്രെഡിറ്റിലൂടെ കർഷകർക്ക് അധിക വരുമാന സാധ്യതകൾ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ട് ഈ സർക്കാർ വകുപ്പിന് അനുവദിച്ച 'കേരള കാർബൺ ഫാർമിങ് & സോയിൽ ക്രെഡിറ്റ് ഫ്രെയിംവർക്ക്'' എന്ന പുതിയ പദ്ധതി നടപ്പിലാക്കുന്നതിനും ലക്ഷ്യമിടുന്നു.

കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്തുന്നതിനും ജലസംരക്ഷണത്തിനും സംസ്ഥാനത്തെ പരിസ്ഥിതിയെയും മണ്ണിനെയും ജലസ്രോതസ്സുകളെയും സംരക്ഷിക്കുന്നതിനും ലക്ഷ്യമിട്ട് വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളിലൂടെ മണ്ണിന്റെ ആരോഗ്യം നിലനിർത്തുന്നതിനും, മണ്ണറിഞ്ഞ് വളം ചെയ്യുന്നതിനും, കാർഷിക മേഖലയുടെ അടിസ്ഥാനസൗകര്യ വികസനം ഉറപ്പാക്കുന്നതിനും, ഭൂഗർഭ ജലവിതാന തോത് മെച്ചപ്പെടുത്തുന്നതിനും, കൃഷിക്കും അനുബന്ധ പ്രവർത്തനങ്ങൾക്കും ജലലഭ്യത ഉറപ്പുവരുത്തുന്നതിനും, മണ്ണൊലിപ്പിന്റെ അളവ് കുറയ്ക്കുന്നതിനും, തന്മൂലം മേൽമണ്ണ് സംരക്ഷിക്കുകവഴി മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിക്കുന്നതിനും, ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, കർഷകരുടെ ആദായം മെച്ചപ്പെടുത്തുന്നതിനും സാധ്യമാകുന്നു.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം – I**

| മുൻ സർക്കാർ കാലത്ത് കർഷകർക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി നൽകാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ (03/06/2026 ലെ കണക്കുകൾ) | | | |
|---|---|---|---|
| **ക്രമ നം.** | **സ്കീമിന്റെ പേര്** | **ശീർഷകം** | **കുടിശ്ശിക തുക (ലക്ഷത്തിൽ)** |
| 1 | ഫാം പ്ലാൻ അധിഷ്ഠിത ഉൽപാദന പരിപാടിയിൽ പ്രീ-ഉല്പാദന പിന്തുണ (പുതിയ പദ്ധതി) | 2401-00-104-67 | 34 |
| 2 | ഉൽപ്പാദന സംഘടനകളുടെ വികസനത്തിനായുള്ള പദ്ധതിയും സാങ്കേതിക പിന്തുണ (പുതിയ പദ്ധതി) | 2401-00-109-56 | 14.514 |
| 3 | നെല്ല് വികസനം | 2401-00-102-90 | 5401.04317 |
| 4 | പച്ചക്കറി വികസനം | 2401-00-119-85 | 2735.964 |
| 5 | നാളികേര വികസനം | 2401-00-103-87 | 611.71200 |
| 6 | സുഗന്ധവ്യഞ്ജനങ്ങളുടെ വികസനം | 2401-00-108-59 | 313.41819 |
| 7 | പഴങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം | 2401-00-119-79 | 658.0196 |
| 8 | വിള വൈവിധ്യവൽക്കരണവും | 2401-00-103-75 | 80.05 |
| 9 | മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത മെച്ചപ്പെടുത്താലും | 2401-00-800-28 | 1508.187005 |
| 10 | വിള ആരോഗ്യ മാനേജ്മെന്റ് | 2401-00-107-78 | 30.8000 |
| 11 | ജൈവകൃഷിയും നല്ല കാർഷിക രീതികളും | 2401-00-105-85 | 62.27 |
| 12 | സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി | 2401-00-110-82 | 3121.19283 |
| 13 | പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി | 2401-00-800-91 | 8342.06401 |
| 14 | കേരള ഫാം ഫ്രഷ് പച്ചക്കറികളും പഴങ്ങളും | 2401-00-119-77 | 125 |
| 15 | കേന്ദ്രാവിഷ്കൃത പദ്ധതിയായ RWBCIS യുടെ സംസ്ഥാന വിഹിതം | 2401-00-109-65-02 | 4589.98266 |
| **ആകെ** | | | **27628.217465** |

**അനുബന്ധം – II**

| ക്രമ നം. | വിള | അടിസ്ഥാന വില (രൂപ/കിലോ) |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3 | കൈതച്ചക്ക | 15 |
| 4 | കുമ്പളം | 9 |
| 5 | വെള്ളരി | 8 |
| 6 | പാവൽ | 30 |
| 7 | പടവലം | 16 |
| 8 | വള്ളിപ്പയർ | 34 |
| 9 | തക്കാളി | 8 |
| 10 | വെണ്ട | 20 |
| 11 | ക്യാബേജ് | 11 |
| 12 | ക്യാരറ്റ് | 21 |
| 13 | ഉരുളക്കിഴങ്ങ് | 20 |
| 14 | ബീൻസ് | 28 |
| 15 | ബീറ്റ്റൂട്ട് | 21 |
| 16 | വെളുത്തുള്ളി | 139 |